18 (*194) പവർകട്ട്

ശ്രീമതി ശോഭനാ ജോർജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പവർകട്ട് പൂർണ്ണമായും നിർത്തലാക്കുവാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ എന്നുമുതൽ ഇത് പൂർണ്ണമായി നിർത്തലാക്കും എന്ന് വ്യക്തമാക്കുമോ?

വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ) :

(എ) സംസ്ഥാനത്ത് ഇപ്പോൾ പവർകട്ട് നിലവിലില്ല.

(ബി) പ്രസക്തമല്ല.

19 (*195) ക്ഷേമനിധി ബോർഡുകളുടെ പ്രവർത്തനം

ശ്രീ. ടി.കെ. ബാലൻ :
ശ്രീ. പി. വിശ്വൻ :
ശ്രീ. സി.കെ. രാജേന്ദ്രൻ :
ശ്രീ. ലോനപ്പൻ നമ്പാടൻ :
ശ്രീ. സെബാസ്റ്റ്യൻ പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ഇതിനകം നടപ്പാക്കി തുടങ്ങിയിട്ടുള്ള വിവിധ ക്ഷേമനിധി ബോർഡുകളുടെ പ്രവർത്തനം ഇടയ്ക്ക് മുടങ്ങിപ്പോകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് ഒഴിവാക്കുന്നതിനും, ഇവയുടെ സുഗമമായ പ്രവർത്തനത്തിനും സർക്കാർ സ്വീകരിച്ചു വരുന്ന നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(ബി) ഏതെങ്കിലും ക്ഷേമനിധി ബോർഡുകൾക്ക് സർക്കാരിൽ നിന്നുള്ള ഗ്രാന്റ് യഥാസമയം ലഭിക്കാത്തതുമൂലം ക്ഷേമനിധി ബോർഡിൽ നിന്നുള്ള ആനുകൂല്യവിതരണം തടസ്സപ്പെട്ടിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

(സി) തത്ഫലത്തൊഴിലാളികൾക്ക് ഇപ്രകാരം ആനുകൂല്യം വിതരണം മുടങ്ങിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ഡി) എങ്കിൽ ഇതൊഴിവാക്കുന്നതിന് നടപടി സ്വീകരിക്കുമോ; സർക്കാരിന്റെയും സർക്കാർ ഉദ്യോഗസ്ഥന്മാരുടെയും ഊർജ്ജിത പ്രവർത്തനം ഈ രംഗത്തുണ്ടാകുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ;

(ഇ) നികുതി (സെസ്) പിരിച്ചെടുക്കാൻ ഉദ്യോഗസ്ഥരെ നിയമിക്കാത്തതുമൂലം ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വെൽഫെയർ ബോർഡിന്റെ പ്രവർത്തനം പ്രതിസന്ധിയിലായിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

(എഫ്) എങ്കിൽ ഇതൊഴിവാക്കാൻ നടപടി സ്വീകരിക്കുമോ?

ജലസേചനവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. വി.പി. രാമകൃഷ്ണപിള്ള) :

(എ) ഇല്ല.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഉണ്ട്. 1988-ലെ കേരള കശുവണ്ടിത്തൊഴിലാളി ആശ്വാസ ക്ഷേമനിധി നിയമം പ്രാബല്യത്തിൽവരുന്നതിനു മുൻപ് പിരിഞ്ഞ തൊഴിലാളികൾക്കുള്ള പുതിയ പെൻഷൻ പദ്ധതി പ്രകാരമുള്ള പെൻഷൻ വിതരണം 4/99 മുതൽ തടസ്സപ്പെട്ടിട്ടുണ്ട്.

(സി) ഇല്ല.

(ഡി) ഉദിക്കുന്നില്ല.

(ഇ) ഇല്ല.

(എഫ്) ഉദിക്കുന്നില്ല.

20 (*196) പട്ടികവർഗ്ഗക്കാർക്കായി ഇൻഫർമേഷൻ സെന്റർ

ശ്രീ. കെ.എം. മാണി :
ശ്രീ. സി.എഫ്. തോമസ് :
ശ്രീ. കെ. നാരായണക്കുറുപ്പ് :
ശ്രീ. മാമ്മൻ മത്തായി :
ശ്രീ. തോമസ് ചാഴികാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികവർഗ്ഗക്കാർക്കുള്ള വിദ്യാഭ്യാസസ്ഥാപനങ്ങളും മറ്റും സ്വയംഭരണ സ്ഥാപനങ്ങളുടെ കീഴിലാക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ വിശദാംശങ്ങൾ അറിയിക്കുമോ;

(സി) പട്ടികവിഭാഗക്കാർക്ക് വിദ്യാഭ്യാസ, ഉദ്യോഗസംബന്ധമായ വിവരങ്ങൾ നൽകുന്നതിനായി പ്രത്യേകം ഇൻഫർമേഷൻ സെന്റർ ആരംഭിക്കുന്നതിന് പരിപാടിയുണ്ടോ;

(ഡി) എങ്കിൽ ഇത് ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ?

പിന്നോക്ക-പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ) :

(എ) ഇല്ല.

(ബി) ഉദിക്കുന്നില്ല.

(സി) ഇല്ല. ആവശ്യമായ സംവിധാനം ഇപ്പോൾ തന്നെ നിലവിലുണ്ട്

(ഡി) ഉദിക്കുന്നില്ല.

21 (*197) ഗിരിവർഗ്ഗ കോളനികൾ

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. പി.ജെ. ജോയി :
ശ്രീ. ബി. വിജയകുമാർ :
ശ്രീ. എഴുകോൺ നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര ഗിരിവർഗ്ഗ കോളനികളുണ്ട്;

(ബി) ഇവയിൽ എത്ര കോളനികളിൽ ശുദ്ധജലം, വൈദ്യുതി എന്നിവ എത്തിച്ചിട്ടുണ്ട്;

LIBRARY ARCHIVES Kerala Legislative Assembly